LIBRARY ARCHIVES Kerala Legislative Assembly

മണപ്പാട്ടുചിറ ടൂറിസം പദ്ധതി

273 (3710) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂരിൽ മണപ്പാട്ടുചിറ ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം പ്രസ്തുത സൗകര്യങ്ങൾ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഡി.ടി.പി.സി.-ക്ക് കൈമാറുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുമോ ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മലയാറ്റൂർ മണപ്പാട്ടുചിറ ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള സൗകര്യങ്ങൾ സിഡ്കോ വഴി പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇത് ഏറ്റെടുത്ത് റിപ്പോർട്ട് സമർപ്പിക്കുവാൻ വകുപ്പിന്റെ എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചതിനുശേഷം ഡി.റ്റി.പി.സി. വഴി പൊതുജനങ്ങളുടെ ഉപയോഗത്തിനായി തുറന്നുകൊടുക്കുവാനുള്ള നിർദ്ദേശം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകൾ

274 (3711) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വലിയ ടൂറിസം സാദ്ധ്യതകൾ